(ബി) ഈ വർഷം പുതുതായി പ്ലസ് ടൂ കോഴ്സുകൾ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചുകഴിഞ്ഞ സാഹചര്യത്തിൽ ഈ ആവശ്യം ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ല.

34 (1578) പ്ലസ് ടൂ അദ്ധ്യാപകർ

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടൂ കോഴ്സ് അനുവദിച്ചിട്ടുള്ള സർക്കാർ സ്കൂളുകളിൽ ബന്ധപ്പെട്ട വിഷയങ്ങൾ പഠിപ്പിക്കുന്നതിന് യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില സ്കൂളുകളിൽ ചില വിഷയങ്ങൾക്ക് യോഗ്യതയുള്ള അദ്ധ്യാപകർ ലഭ്യമല്ല എന്ന പരാതി ലഭിച്ചിട്ടുണ്ട്.

(ബി) അദ്ധ്യാപകരെ നിയമിക്കുന്നതിന് താഴെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

(i) ഡിപ്പാർട്ടുമെന്റിൽനിന്നുള്ള നിയമനത്തിന് തയ്യാറാക്കിയ ലിസ്റ്റിൽ വേണ്ടത്ര അദ്ധ്യാപകരില്ലാത്ത വിഷയങ്ങൾക്ക് ഡിപ്പാർട്ടുമെന്റൽ ടീച്ചർമാരിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുതുടങ്ങി.

(ii) 1997-ൽ തയ്യാറാക്കിയ അദ്ധ്യാപകരുടെ പാനലിൽ മുഴുവൻ പേർക്കും നിയമനം നൽകിയ വിഷയങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(iii) ഡിപ്പാർട്ടുമെന്റൽ അദ്ധ്യാപകരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ളവരോ നിയമിക്കപ്പെടുന്നതുവരെയുള്ള കാലയളവിൽ അദ്ധ്യയനം മുടങ്ങാതിരിക്കാൻ തികച്ചും താൽക്കാലികമായി മണിക്കൂർ അടിസ്ഥാനത്തിൽ വേതനം നൽകി യോഗ്യതയുള്ളവരെ അദ്ധ്യാപകരായി നിയമിക്കാൻ (കഴിഞ്ഞ വർഷം നൽകിയ സർക്കാർ ഉത്തരവിന്റെ അതേ മാനദണ്ഡമുപയോഗിച്ച്) ഇക്കൊല്ലവും പ്രിൻസിപ്പാൾമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.

35 (1579) അദ്ധ്യാപക നിയമനം സംബന്ധിച്ച സുപ്രീം കോടതി വിധി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്ലസ്ടൂ സ്കൂളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച് സുപ്രീം കോടതി എന്തെങ്കിലും വിധി പ്രസ്താവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സുപ്രീം കോടതി വിധി നടപ്പിലാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) സുപ്രീം കോടതി വിധി നടപ്പിലാക്കാതെ ഗസ്റ്റ് ലക്ചറർ നിയമനം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) എം.എം. ഡോളിച്ചൻ ആന്റ് അതേഴ്സ് സമർപ്പിച്ച സ്പെഷ്യൽ ലീവ് റ്റു അപ്പീൽ നമ്പർ 18236-18237/98 ൽ സുപ്രീം കോടതി 1998 ഡിസംബർ 3-ാം തീയതി നൽകിയ ഉത്തരവിൽ, ഒ.പി. നം. 11488/1998 പി, 11121/1998 എന്നിവയിൽ കേരള ഹൈക്കോടതി 1998 ഓഗസ്റ്റ് 18 ന് നൽകിയ ഉത്തരവ് താൽക്കാലികമായി സ്റ്റേ ചെയ്തു. ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർമാരുടെ തസ്തികകളിൽ 25 ശതമാനം സർവീസിലുള്ള അദ്ധ്യാപകർക്കും ബാക്കി മറ്റുള്ളവർക്കുമായി നീക്കിവച്ചുകൊണ്ടുള്ള ഗവണ്മെന്റ് ഉത്തരവിനെ അംഗീകരിച്ചുകൊണ്ടുള്ളതായിരുന്നു ഹൈക്കോടതി വിധി.

സുപ്രീം കോടതിയുടെ സ്റ്റേ തുടർന്നുള്ള അദ്ധ്യാപക നിയമനങ്ങൾക്ക് തടസ്സമായതിനാൽ ആയതിന് അനുമതി തേടിക്കൊണ്ട് സർക്കാർ സുപ്രീം കോടതിയെ സമീപിച്ചു.

1999 ഫെബ്രുവരി ഒന്നാം തീയതി സുപ്രീം കോടതി നൽകിയ ഉത്തരവിൽ, താൽക്കാലികാടിസ്ഥാനത്തിൽ ഹഡ്കോക്ക് നിയമനങ്ങൾ നടത്തുന്നതിന് സർക്കാരിനെ അനുവദിച്ചു. 1997-ൽ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നോ, ലിസ്റ്റിൽ യോഗ്യതയുള്ളവർ ഇല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ഈ നിയമനങ്ങൾ നടത്താനാണ് അനുമതി.

(ബി) വിധി നടപ്പിലാക്കാൻ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 7 വിഷയങ്ങളിൽ എംപ്ലോയ്മെന്റ് നിയമനം നടത്തുന്നതിന് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 6 വിഷയങ്ങളിൽ നിയമനത്തിനുള്ള ഇന്റർവ്യൂ നടത്തി കഴിഞ്ഞിട്ടുണ്ട്.

(സി) ഇല്ല. എന്നാൽ എംപ്ലോയ്മെന്റ് നിയമനങ്ങൾക്കും, സർവീസിലുള്ള അദ്ധ്യാപകരുടെ നിയമനങ്ങൾക്കും ചില വിഷയങ്ങൾക്കെങ്കിലും കാലതാമസമുണ്ടാകുമെന്നതിനാൽ, ഈ വിടവ് നികത്തുന്നതിന് താൽക്കാലികാടിസ്ഥാനത്തിൽ ഗസ്റ്റ് ടീച്ചർമാരെ നിയമിക്കാൻ പ്രിൻസിപ്പാൾമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. ക്ളാസുകൾ മുടങ്ങുകയില്ലെന്ന് ഉറപ്പുവരുത്താനാണിത്.

36 (1580) മാള നിയോജകമണ്ഡലത്തിലെ പ്ളസ് ടൂ സ്കൂളുകൾ

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ ഏതെങ്കിലും സ്കൂളിൽ പ്ളസ് ടൂ അനുവദിക്കണമെന്ന അപേക്ഷ നിലവിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്കൂളുകൾ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അഞ്ച് സ്കൂളുകളിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly